അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കാൻ നടപടി

58 [3066] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിലെ അംഗൻവാടി ജീവനക്കാരുടെ സേവനവേതന ഘടന സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ വിശദീകരിക്കുമോ;

(സി) അംഗൻവാടി ജീവനക്കാരുടെ സേവനവേതന ഘടന കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) അംഗൻവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും സേവന വ്യവസ്ഥകൾ ജോലിയിൽ നിന്നും പിരിഞ്ഞുപോകുമ്പോൾ നൽകേണ്ട ആനുകൂല്യങ്ങൾ, ഇതര അനുബന്ധ കാര്യങ്ങൾ എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗകമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം നടന്നുവരുന്നു. നിലവിൽ വർക്കർമാർക്ക് പ്രതിമാസ ഓണറേറിയം 1238 രൂപ മുതൽ 1363 രൂപ വരെയാണ്. അംഗൻവാടി ഹെൽപ്പർമാർക്ക് പ്രതിമാസം 800 രൂപ ഓണറേറിയമായി നൽകുന്നു. ഈ തുകയിൽ 300 രൂപ സംസ്ഥാന വിഹിതമാണ്. യാത്രാബത്ത ഇനത്തിൽ വർക്കർമാർക്കും ഹെൽപ്പർമാർക്കും 75 രൂപ വീതം നൽകുന്നുണ്ട്. അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ ക്ഷേമനിധിയിൽ നിന്ന് വൈദ്യസഹായം പരമാവധി 5,000 രൂപയും, ഭവനനിർമ്മാണ വായ്പ പ്രതിമാസ ഓണറേറിയത്തിന്റെ 20 ഇരട്ടിയോ അല്ലെങ്കിൽ 10,000 രൂപയോ അതിൽ ഏതാണ് കുറവ് എന്ന് കണക്കാക്കി ആ തുകയും വിവാഹാവശ്യത്തിന് വായ്പ പരമാവധി 2,000 രൂപയും പഴയ വീടുകൾ പുതുക്കി പണിയുന്നതിന് ഓണറേറിയത്തിന്റെ 10 ഇരട്ടി തുകയോ 5,000 രൂപയോ അതിൽ ഏതാണ് കുറവ് എന്ന് കണക്കാക്കി ആ തുകയും നൽകുന്നുണ്ട്. കൂടാതെ അംഗൻവാടി ജീവനക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനമായി ഒന്നാം സമ്മാനം 500 രൂപ, രണ്ടാം സമ്മാനം 300 രൂപ, മൂന്നാം സമ്മാനം 200 രൂപ എന്ന പ്രകാരം ക്യാഷ് അവാർഡും മെരിറ്റ് സർട്ടിഫിക്കറ്റും, അപകട സംരക്ഷണം പരമാവധി 10,000 രൂപയും നൽകുന്നു. ഇതുകൂടാതെ കുടുംബശ്രീ പദ്ധതി, കേരള വികസന പദ്ധതി എന്നിവയിൽ അധിക ജോലി ചെയ്യുന്ന വർക്കർമാർക്ക് പ്രതിമാസം 100 രൂപയും ഹെൽപ്പർമാർക്ക് 50 രൂപയും പഞ്ചായത്ത് ഫണ്ടിൽനിന്നും നൽകുന്നു.

(സി) അംഗൻവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. ഓണറേറിയം ഘടന പരിഷ്ക്കരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly